"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ പേര് തിരുത്തി നൽകുന്നതിനുള്ള നിലവിലെ ഫീസ് വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ.) വകുപ്പ്**

സ.ഉ.(കൈ) നം.111/2026/GEDN തീയതി,തിരുവനന്തപുരം, 24-06-2026

---

പരാമർശം:-
1. 30/06/2022 ലെ സ.ഉ.(കൈ) നം. 114/2022/പൊഭവ
2. പരീക്ഷാ കമ്മിഷണറുടെ 15/10/2024 ലെ എക്സ്. ഡിഎ2/ 29875/2024/സിജിഇ നമ്പർ കത്ത്
3. നിയമസഭാ സെക്രട്ടറിയുടെ 16/11/2024 ലെ 6639/സബ്.സി.ഇ1/2024/നി.സെ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഗസറ്റ് നോട്ടിഫിക്കേഷൻ വഴി പേര് മാറ്റിയതിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി. ബുക്കിൽ പേര് തിരുത്തി നൽകുന്നതിനായി അപേക്ഷിക്കുന്നവർക്ക്, അവരുടെ എസ്.എസ്.എൽ.സി. ബുക്കിൽ, അപ്രകാരം തിരുത്തൽ വരുത്തി നൽകുന്നതിനായി പരീക്ഷാ കമ്മിഷണർക്ക് അനുമതി നൽകി കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ആയതിന് ഫീസ് പ്രത്യേകമായി നിശ്ചയിച്ചിരുന്നില്ല. മറ്റു തിരുത്തലുകൾക്ക് ഫീസായി നിശ്ചയിച്ചിരുന്ന 30/- രൂപ തന്നെയാണ് ഈയിനത്തിനും ഈടാക്കി വന്നിരുന്നത്. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ പേര് തിരുത്തി നൽകുന്നതിന് നിലവിൽ ഈടാക്കുന്ന ഫീസായ 30/- രൂപ എന്നത് 150/- രൂപയായി വർദ്ധിപ്പിപ്പിക്കണമെന്ന് കേരള നിയമസഭാ സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) സർക്കാരിനോട് ശിപാർശ ചെയ്യുകയുണ്ടായി. പുതിയ സർട്ടിഫിക്കറ്റിന്റെ വിലയും, പ്രിന്റിംഗ് ചെലവുകളും പരിഗണിക്കുമ്പോൾ ഫീസിനത്തിൽ ഈടാക്കുന്ന 30/- രൂപ എന്നത് വളരെ കുറവാണെന്നും ടി ഫീസ് നിലവിലെ 30/- രൂപയിൽ നിന്നും ചെലവിന് ആനുപാതികമായ രീതിയിൽ വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും പരീക്ഷാ കമ്മിഷണർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നിയമസഭാ സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) യുടെ ശിപാർശയുടെ അടിസ്ഥാനത്തിലും പരീക്ഷാ കമ്മിഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ പേര് തിരുത്തി നൽകുന്നതിന് നിലവിൽ ഈടാക്കുന്ന ഫീസായ 30/- രൂപ എന്നത് 150/- രൂപയായി (നൂറ്റി അമ്പത് രൂപ മാത്രം) വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയകുമാർ സി എസ്

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള നിയമസഭ (ആമുഖകത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ (ജി/എസ്.സി ) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Johndas D
Date: 25-06-2026 10:41:03
സെക്ഷൻ ഓഫീസർ